നമ്പർ. സി4/3976/2025/STDD 31-10-2025

## താൽപര്യപത്രം

2025-26 സാമ്പത്തികവർഷം പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ വികസന പരിശീലനം നൽകുന്നതിനായി നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളിൽ നിന്ന് ചുവടെ ചേർത്തിരിക്കുന്ന ഗ്രേഡിൽ റെസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കോഴ്സുകളിലേക്ക് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

| Course Name | Course Duration | Accreditation/ Certification | No. of Students to be Trained |
|---|---|---|---|
| Airline Airport Operation Fundamentals | 12 Months | IATA | 20 |

പ്രൊപ്പോസലുകൾ ഈ പരസ്യത്തിന്റെ അവസാനം കാണുന്ന വിലാസത്തിൽ 15•11•2025, 5 P.M നകം ലഭിക്കേണ്ടതാണ്.
പരിശീലനത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്ന രേഖകൾ പ്രൊപ്പോസലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

1. സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ

A. സ്ഥാപനം നൈപുണ്യ പരിശീലനം നൽകുന്ന കോഴ്സുകളും പ്രസ്തുത കോഴ്സുകളുടെ വിശദ വിവരങ്ങളും, (വേവ്വേറെ കോഴ്സുകൾക്ക് പ്രത്യേകം പ്രൊപ്പോസലുകൾ നൽകേണ്ടതാണ്.)
B. പരിശീലനം നൽകുന്ന പരിശീലകരുടെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ.
C. സർക്കാർ/അർദ്ധസർക്കാർ/ സ്വകാര്യസ്ഥാപനങ്ങളിൽ മുമ്പ് നടത്തിയ നൈപുണ്യ പരിശീലനത്തിന്റെ വിശദാംശങ്ങൾ.
D. അഡ്മിഷൻ ലഭിച്ച കുട്ടികളുടെയും പ്ലേയ്സ്മെന്റ് ലഭിച്ച കുട്ടികളുടെ എണ്ണം.
E. പ്ലേസ്മെന്റ് നടത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന സ്ഥാപനങ്ങൾ. ( With concerned Proof)
F. Assessment & Certification നടത്തേണ്ടത് International Air Travel Association (IATA) ആയിരിക്കണം.

G. IATA നിർദ്ദേശിക്കുന്ന നിശ്ചിത അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ക്ലാസ്സുകൾ കൈകാര്യ. ചെയ്യാൻ എല്ലാവിധ സജ്ജീകരണങ്ങളും ഉണ്ടായിരിക്കണം.

H. Theory Class കൾ Practical Class കൾ ഉൾപ്പെടെ എത്ര മണിക്കൂറാണ് കോഴ്സുകൾക്ക് നൽകുന്നത് എന്നതിന്റെ വിശദാംശങ്ങൾ.

I. പരിശീലനം കഴിഞ്ഞവർക്ക് ലഭ്യമാക്കേണ്ട മിനിമം Salary Package ചുവടെ പറയുന്നരീതിയിലായിരിക്കണം.

a. 6 മുതൽ 9 മാസം കാലാവധിയുള്ള കോഴ്സുകൾക്ക് മിനിമം സാലറി ആദ്യത്തെ 6 മാസം 12,000/- രൂപയും 6-ാം മാസം മുതൽ 15,000/- രൂപയും ഒരു വർഷത്തിന് ശേഷം ശമ്പള വർദ്ധനവും നൽകണം.
b. 10 മുതൽ 12 മാസം കാലാവധിയുള്ള വരെ കോഴ്സുകൾക്ക് മിനിമം സാലറി 20,000/- രൂപ ലഭിച്ചിരിക്കണം.
c. 10% Foreign Placement or മിനിമം സാലറി 20,000/- രൂപ (അഡ്മിഷൻ നേടിയ ആകെ കുട്ടികളുടെ 10% പേർക്ക്)
d. Placement നും ശമ്പളത്തിനും അനുസൃതമായിട്ടായിരിക്കും സ്ഥാപനത്തിനുള്ള തുകയുടെ നിശ്ചിത ഗഡുക്കൾ വകുപ്പ് നൽകുന്നത്.

2. പരിശീലന സ്ഥാപനത്തിന്റെ ഹോസ്റ്റൽ സംബന്ധിച്ച വിശദാംശങ്ങൾ

3. കോഴ്സിനെ സംബന്ധിച്ച പൂർണ്ണമായ ധനകാര്യ വിശകലനം. കോഴ്സ് ഫീ ഘടന സ്റ്റൈപ്പന്റ്/യൂണിഫോം ചെലവുകൾ എന്നിവ പ്രത്യേകമായി കാണിക്കണം.

4. നൈപുണ്യ വികസന പരിശീലനത്തിനുള്ള 3 വർഷത്തെ പ്രവർത്തി പരിചയം.

5.സ്ഥാപനത്തിന്റെ അവസാന 3 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് .

6.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യത്തിന്റെ വിവരം.

7.പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിന്റെ ബ്ലാക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും, യാതൊരുവിധ പോലീസ്/വിജിലൻസ് അന്വേഷണങ്ങൾ നേരിടുന്നില്ലായെന്നുള്ള സത്യവാങ്മൂലം.

വിലാസം : ഡയറക്ടർ

പട്ടികവർഗ വികസന ഡയറക്ടറേറ്റ്

വികാസ്ഭവൻ, 4-ാം നില

തിരുവനന്തപുരം

ഫോൺ നമ്പർ : 0471 -2303229

ടോൾ ഫ്രീ നമ്പർ : 18004252312

വെബ് സൈറ്റ് : www.stdd.kerala.gov.in

DIRECTOR

Signed by
Mithun Premraj
Date: 31-10-2025 21:06:09